**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3597.** **12.05.2017 ൽ മറുപടിയ്ക്ക്**

**സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയ വിദ്യാർത്ഥികളെ സ്വാധീനിക്കുകയും അവരുടെ പഠനവും കുടുംബങ്ങളിലെ സന്തോഷവും പ്രതിസന്ധിയിലാക്കുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കുട്ടികളെ സ്വാധീനിക്കുന്ന ലഹരി മാഫിയകളെ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വൈവിദ്ധ്യമാർന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. സ്കൂൾ/ കോളേജ് കാമ്പസുകളുടെ 100 വാര പരിധിയ്ക്കുള്ളിൽ "കോട്പാ"നിയമപ്രകാരം പുകയില ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെയും മറ്റ് ലഹരികളുടെയും ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" യ്ക്ക് രൂപം നൽകിയിട്ടുണ്ട്. സ്കൂൾ/ കോളേജുക |

| | | | |
|---|---|---|---|
| | | | ളിൽ സംസ്ഥാനതലത്തിൽ 2542 ലഹരി വിരുദ്ധ ക്ളബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ തന്നെ ലഹരി വസ്തുക്കളുടെ വിൽപ്പനയും ഉപയോഗത്തിനെതിരെയുമുള്ള പരാതികളും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് 1400-ഓളം പരാതിപ്പെട്ടികൾ സ്കൂൾ/കോളേജ് കാമ്പസുകളിൽ സ്ഥാപിച്ചിട്ടുണ്ട്. 2014-15, 2015-16, 2016-17 എന്നീ അദ്ധ്യയന വർഷങ്ങളിൽ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ളാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ലഹരി വിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ 2017-18 അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതിൽ ഉൾപ്പെടുത്തുവാൻ വേണ്ടി വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ മികച്ച ലഹരി വിരുദ്ധക്ലബ്ബ്, ക്ലബ്ബ് അംഗം, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച മാഗസിൻ, മാഗസിനിലെ സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും നൽകി വരുന്നുണ്ട്. |
| (സി) | പുതിയ വിദ്യാലയവർഷം തുടങ്ങുന്നതിനു മുൻപ് തന്നെ സ്കൂളിനു സമീപമുള്ള കടകളിൽ ലഹരി വസ്തുക്കൾ ശേഖരിച്ചിട്ടില്ലെന്നും | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വില്പന നടത്തുന്നില്ലെന്നും ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | കുട്ടികൾക്കിടയിൽ കൂടുതൽ ബോധവത്ക്കരണ പ്രവർത്തനങ്ങളും ഈ വിഷയത്തിൽ മുൻകരുതലും സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സ്കൂൾ കോളേജ് കാമ്പസുകളിലെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ ലഭ്യത പൂർണ്ണമായും ഇല്ലാതാക്കുന്നതിനും കുട്ടികൾക്കിടയിലെ ലഹരി ഉപഭോഗം കർശനമായി നിയന്ത്രിക്കുന്നതിനും വേണ്ടി കൂടുതൽ ജാഗ്രതയോടുള്ള പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**